<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1630</u> | <u>11-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വാമനപുരം മണ്ഡലത്തിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര അപേക്ഷകളാണ് വാമനപുരം മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ കൃഷിഭവൻ മുഖാന്തിരം നൽകിയ നഷ്ടപരിഹാര തുക എത്രയാണെന്നും കൃഷിഭവൻ തിരിച്ച് വ്യക്തമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിൽ കൃഷിഭവൻ മുഖാന്തിരം നൽകിയ നഷ്ടപരിഹാര തുകയുടെ വിവരങ്ങളും അനുബന്ധം-1 ആയി ചേർക്കുന്നു.** |
| (ബി) | ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്നും ഓരോ വിളകൾക്കും നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ തുക എത്രയാണെന്നും വിശദമാക്കുമോ? | (ബി) | **കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന പരിരക്ഷ നൽകി വരുന്നു. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ വിളകൾക്കാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന പരിരക്ഷ നൽകി വരുന്നത്. ഓരോ വിളകൾക്കും നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുകയുടെ വിവരങ്ങൾ അനുബന്ധം-2 ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നം. | ഓഫീസിന്റെ പേര് | ലഭിച്ച അപേക്ഷകളുടെ എണ്ണം | നഷ്ടപരിഹാരം വിതരണം ചെയ്ത തുക |
|---|---|---|---|
| 1 | കല്ലറ കൃഷിഭവൻ | 11 | 28900 |
| 2 | നന്ദിയോട് കൃഷിഭവൻ | 36 | 179025 |
| 3 | പാങ്ങോട് കൃഷിഭവൻ | 14 | 68850 |
| 4 | പെരിങ്ങമല കൃഷിഭവൻ | 18 | 115550 |
| 5 | പുല്ലമ്പാറ കൃഷിഭവൻ | 56 | 264620 |
| 6 | വാമനപുരം കൃഷിഭവൻ | 24 | 117180 |
| 7 | നെല്ലനാട് കൃഷിഭവൻ | 19 | 113250 |
| 8 | ആനാട് കൃഷി ഭവൻ | 2 | 15600 |
| 9 | പനവൂർ കൃഷിഭവൻ | 12 | 104400 |
| **ആകെ** | | **192** | **1007375** |

## അനുബന്ധം - 2

| ക്രമ നം. | വിളകൾ | നഷ്ടപരിഹാരതുക |
|---|---|---|
| 1 | തെങ്ങ് | തെങ്ങൊന്നിന് ₹ 2,000 |
| 2 | കമുക് | ഒരു മരത്തിന് ₹ 200 |
| 3 | റബ്ബർ | ഒരു മരത്തിന് ₹ 1,000 |
| 4 | കശുമാവ് | ഒരു മരത്തിന് ₹ 750 |
| 5 | വാഴ<br>(എ) ഏത്തൻ, കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | (എ) കുലയ്ക്കാത്തതിന് ₹ 150, കുലച്ചതിന് ₹ 300<br>(ബി) കുലയ്ക്കാത്തതിന് ₹ 100, കുലച്ചതിന് ₹ 200<br>(സി) കുലയ്ക്കാത്തതിന് ₹ 50, കുലച്ചതിന് ₹ 75 |
| 6 | മരച്ചീനി | ഹെക്ടർ ഒന്നിന് ₹10,000 |
| 7 | കൈതച്ചക്ക | ഹെക്ടർ ഒന്നിന് ₹ 50,000 |
| 8 | കുരുമുളക് | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| 9 | ഏലം | ഹെക്ടർ ഒന്നിന് ₹ 60,000 |
| 10 | ഇഞ്ചി | ഹെക്ടർ ഒന്നിന് ₹ 80,000 |
| 11 | മഞ്ഞൾ | ഹെക്ടർ ഒന്നിന് ₹ 60,000 |
| 12 | കാപ്പി | ഒരു മരത്തിന് ₹ 350 |
| 13 | തേയില | ഹെക്ടർ ഒന്നിന് ₹ 70,000. ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ് |
| 14 | കൊക്കോ | ഒരു മരത്തിന് ₹ 300 |
| 15 | നിലക്കടല | ഹെക്ടർ ഒന്നിന് ₹12,000 |
| 16 | എള്ള് | ഹെക്ടർ ഒന്നിന് ₹12,500 |
| 17 | പച്ചക്കറി<br>(പന്തലുള്ളവയും, പന്തലില്ലാത്തവയും) | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹25,000<br>പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹40,000 |
| 18 | ജാതി | ഒരു മരത്തിന് ₹3,000 |
| 19 | ഗ്രാമ്പൂ | ഒരു മരത്തിന് ₹1,000 |
| 20 | വെറ്റില | സെന്റൊന്നിന് ₹1,000 |
| 21 | പയർ വർഗ്ഗങ്ങൾ | ഹെക്ടറിന് ₹10,000 |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ<br>(ചേന, മധുരക്കിഴങ്ങ്) | ചേന ഹെക്ടറിന് ₹35,000.<br>മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹15,000 |
| 23 | കരിമ്പ് | ഹെക്ടറൊന്നിന് ₹ 50,000 |
| 24 | പുകയില | ഹെക്ടറൊന്നിന് ₹ 20,000 |

| | | |
|---|---|---|
| 25 | നെല്ല് | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹15,000.<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹35,000. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| 26 | ചെറുധാന്യങ്ങൾ (കുവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹10,000.<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 25000 |
| 27 | മാവ് | 10 വർഷം വരെ പ്രായമുള്ളതിന് - ഒരു മരത്തിന് ₹1000.<br>10 വർഷത്തിനുമേൽ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 2000 |

**ദീർഘകാലവിളകൾക്ക് നടുന്നത് മുതൽ കായ്ച്ച് തുടങ്ങുന്നത് വരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം**

| ക്രമ നം. | വിളകൾ | നഷ്ടപരിഹാരതുക |
|---|---|---|
| 1 | തെങ്ങ് | ആദ്യത്തെ 3 വർഷത്തേക്ക് ഒരെണ്ണത്തിന് ₹ 200<br>3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 400 |
| 2 | കമുക് | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 50<br>3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 80 |
| 3 | റബ്ബർ | 3 വർഷം വരെ ഒരെണ്ണത്തിന് ₹ 200<br>3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് ₹ 600 |
| 4 | കശുമാവ് | 3 വർഷം വരെ ഒരെണ്ണത്തിന് ₹100 |
| 5 | കുരുമുളക് | ആദ്യത്തെ രണ്ടു വർഷം ഒരു താങ്ങു മരത്തിലുള്ളതിന് ₹ 50<br>2 വർഷം മുതൽ 4 വർഷം വരെ ₹ 100 |
| 6 | മാവ് | ഒരു എണ്ണത്തിന് ₹ 200 രൂപ |